പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5273 — 06.02.2014 -ൽ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി.-യിലെ നിയമനങ്ങൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. പി. തിലോത്തമൻ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിലെ വിവിധ തസ്തികകളിലേയ്ക്ക് നിയമിക്കപ്പെടുന്നതിന് തയ്യാറാക്കപ്പെട്ട പി. എസ്.സി.-യുടെ ലിസ്റ്റുകളിൽ നിന്നും എത്രപേരെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമിച്ചു എന്നും, കണ്ടക്ടർ, ഡ്രൈവർ തസ്തികകളിലടക്കം എത്ര ഒഴിവുകളാണ് കെ.എസ്. ആർ.ടി.സി.യിലുള്ളതെന്നും അറിയിക്കുമോ ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതു വരെ പി.എസ്.സി മുഖേന 9793 പേർക്ക് നിയമനം നൽകുകയും, 3420 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഒഴിവുള്ള തസ്തികകളിലേയ്ക്ക് നിയമനം നടന്നു വരുന്നതിനാൽ കൃത്യമായ എണ്ണം ഇപ്പോൾ ലഭ്യമാക്കുവാൻ കഴിയാതെ വരുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി.യിൽ ഒഴിവുകൾ ഏറെയുണ്ടായിട്ടും നിയമനങ്ങൾ നടത്താത്തത് എന്തുകൊണ്ടാണെന്നു വിശദമാക്കാമോ ; | (ബി) | കെ.എസ്.ആർ.ടി.സി.യിൽ നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി.യിൽ നിയമന നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ ; | (സി) | നിയമന നിരോധനം ഏർപ്പെടുത്തിയിട്ടില്ല. |
| (ഡി) | കെ.എസ്.ആർ.ടി.സി.യിലെ ഒഴിവുകൾ നികത്തുന്നതിന് നിലവിലുള്ള ലിസ്റ്റിൽ നിന്നും അടിയന്തിരമായി നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ